
കാടാച്ചിറ ഹയർ സെക്കന്ററി സ്കൂൾ
InfoMag
Digital Magazine
KADACHIRA
HIGHER SECONDARY SCHOOL
KHSS
सत्यमेव जयते
ലിറ്റിൽ കൈറ്റ്സ് യൂണിറ്റ്

# ആമുഖം

വിവരസാങ്കേതിക വിദ്യയുടെ ആകാശത്തിൽ അറിവിന്റെ പട്ടം പറത്താൻ തയ്യാറാകുന്ന ലിറ്റിൽ കൈറ്റ്സ് ....... ഐ ടി സാധ്യതകളെ പരമാവധി പ്രയോജനപ്പെടുത്താനുള്ള വിദ്യാഭ്യാസ വകുപ്പിന്റെ പദ്ധതിയുടെ ഭാഗമായി ലിറ്റിൽ കൈറ്റ്സ് അവരുടെ പരിശ്രമഫലമായി തയ്യാറാക്കിയ ഈ മാഗസിൻ അറിവിന്റെയും കഴിവിന്റെയും പ്രവർത്തനങ്ങളുടെയും മികവു തന്നെയാണ് ...........

സ്റ്റാഫ് എഡിറ്റർ

# എഡിറ്റോറിയൽ ബോർഡ്

സ്റ്റുഡന്റ് എഡിറ്റർ : ദേവപ്രിയ
എഡിറ്റർ : ലസിത കെ

## അംഗങ്ങൾ

സയന ടി കെ
അനാമിക പി നമ്പ്യാർ
സരിൻ സുധീർ
അലോക് കൃഷ്ണ
അഭിഷേക് ആർ നമ്പ്യാർ
വീണ (അധ്യാപിക)
സപ്ന പുരുഷോത്തമൻ (അധ്യാപിക)

e-magazine Kadachira High School

| ക്രമ നമ്പർ | ഉള്ളടക്കം | പേജ് നമ്പർ |
|---|---|---|
| 1 | പ്രാർത്ഥന | 4 |
| 2 | അമ്മ | 5 |
| 3 | അറിയുന്നു | 6 |
| 4 | സ്വപ്നം | 7 |
| 5 | അതിഥി | 8 |
| 6 | അവൾ | 9 |
| 7 | ഏകാകിനി | 10 |
| 8 | എൻ അക്ഷരത്താഴ് | 11 |
| 9 | ബീച്ച് | 12 |
| 10 | എന്റെ സുഹൃത്ത് | 13 |
| 11 | ഹേ മനുഷ്യാ .. | 14 |
| 12 | Journey...... | 15 |
| 13 | The Farmer | 16 |
| 14 | കാത്തു നില്പൂ ... | 17 |
| 15 | കാലം മായ്ച്ച കാഴ്ചകൾ | 18 |
| 16 | Tarun and Varun | 19 |
| 17 | മഴ | 20 |
| 18 | ഞാനൊരു കൊലയാളി ആവുകയാണോ ? | 21 |
| 19 | ഓർമ്മകൾ | 22 |
| 20 | ഓർമ്മകൾ  ചിലമ്പിട്ട നാളിൽ | 23 |
| 21 | തിരിച്ചറിവ് | 24 |
| 22 | ഒരു യാത്രികൻ | 26 |
| 23 | തിരികെ പോരുമോ ? | 27 |
| 24 | യുദ്ധം  .. ലോക ദുരന്തം | 28 |


e-magazine Kadachira High School

# പ്രാർത്ഥന

അറിവിന്റെ ദീപങ്ങൾ തെളിയുന്ന നേരം
ഇരുളാം ദുഃഖങ്ങൾ അണയുന്നു വേഗം
മനമാകെ നിറയുന്നു പുതുനന്മ ചിന്ത
തിളങ്ങട്ടെ ജ്വാല സർവ്വ പ്രഭയാൽ
തിന്മതൻ കാറൊക്കെ ഒഴിയട്ടെ വേഗം
നന്മതൻ വെൺമേഘ ദിവ്യപ്രഭയാൽ
ദൈവമേ നിൻ പാതവെൺ താരിതളിൽ
കുനിയുന്ന നേരം വെടിയുന്നു ദുഷ്‌ചിന്തയെല്ലാം
നന്മ വരുത്തുക ഉയരത്തിലെത്താൻ
തിന്മ തിരുത്തുക ജ്ഞാനപൊരുളാൽ
അറിവിന്റെ ആകാശമെത്തിപിടിക്കാൻ
അണയാതെ കാക്കുക അകതാരിൻ ശുദ്ധി
പൊലിയാതെ കാക്കുക നന്മതൻ ദീപം

# അമ്മ

പൂനിലാവൊളിയാണെൻെറ അമ്മ
താരകം ചിന്നും പുഞ്ചിരിയും
സ്നേഹത്തോടെ മാമൂട്ടും
താരാട്ടിൻെറ ഈണവും

വാത്സല്യത്തിൻ കരുതലും
ഇല്ലേനി പകരം എൻെറ
അമ്മയ്ക്ക കണ്ടിട്ടില്ല ഇതുവരെ
എൻ അമ്മയെ പോലൊരു ദൈവത്തെ

ഈരേഴ് ലോകത്തിലും എൻ
അമ്മ എൻെറ ദൈവം
ഞാനില്ലാതെ എൻ അമ്മയ്ക്ക്
വേറൊരു ലോകം ഇല്ലല്ലോ

അതോർക്കുകയില്ലല്ലേ അമ്മയ്ക്കില്ലിനി
പരിഭവം സ്നേഹം മാത്രമേ ഉള്ളതേ

ശ്രീദീപ്.കെ ആർ
9E

# അറിയുന്നു

ജീവിതമാണ് ലഹരിയെ-
ന്നറിയുമ്പോളവൻ
നുറുങ്ങുവെട്ടം പോലും
കണ്ണുചിമ്മാത്തൊരു
ഇരുട്ടിന്റെ കരങ്ങളിൽ
പെട്ടുഴലുന്നു.
തടവറതൻ മൂകതയിൽ
തളയ്ക്കപ്പെട്ടവൻ
താനെന്നറിഞ്ഞവൻ
വിതുമ്പിക്കരയുന്നു.
ഡ്രഗ്സിന്റെ കൈപ്പിടി-
യിലമരിമ്പോൾ
അവനറിഞ്ഞില
എരിയുന്ന തീച്ചൂളയി-
ലേക്കാണു താൻ
നടന്നു നീങ്ങുന്നതെന്ന്.
അറിയുന്നവനിന്ന്
ജീവിതമാകുന്നു ലഹരി

അഹല്യ.സി
10th E

e-magazine Kadachira High School

# സ്വപ്നം

നമ്മുടെ കേരളത്തിൽ വലിയ ഒരു പ്രളയം ഉണ്ടായി.അതിൽ നമ്മുടെയെല്ലാം വീടുകളും നമ്മുക്കു വിലപ്പെട്ട സാധനങ്ങളെല്ലും ചില മനുഷ്യരുമെല്ലാം നശിച്ചു. ആദ്യം  കനത്തമഴയുണ്ടായി. അതിലൂടെ വെള്ളപൊക്കവും.വെള്ളം കൊണ്ട് നിറഞ്ഞുട്ടുണ്ടായിരുന്ന വീടുകളും മുറ്റവും.എല്ലാവരും മരണത്തിനു കീഴടങ്ങുകയായിരുന്നു. ഇതെല്ലാം ഒരു സ്വപ്നം പോലെ തന്നെയായിരുന്നു.ഇങ്ങനെയൊക്കെ ഉണ്ടാകുമെന്നു പ്രതീക്ഷിച്ചിട്ടു പോലുമില്ല  മറ്റു ജില്ലകളിലുള്ള  മനുഷ്യരെല്ലാം നമ്മളെ രക്ഷിച്ചു.രക്ഷാപ്രവർത്തകർ വന്നു ,അഭയാർത്ഥി കേന്ദ്രത്തിലേക്ക് കൊണ്ടുപോയി  അവിടെ വേണ്ടുന്നത്ര സുഖങ്ങളെല്ലാം ഉണ്ടായിരുന്നു അഭയാർത്ഥി കേന്ദ്രം ഒരുക്കിത്തന്ന ആൾക്കാരോട് നന്ദി ഇങ്ങനെയൊക്കെ ഉണ്ടാവുമെന്നും മനുഷ്യർ നമ്മളെ രക്ഷിക്കുമെന്നും ഒന്നും വിചാരിച്ചില്ല പെട്ടെന്ന് എന്തൊക്കെയോ സംഭവിക്കുന്നതുപോലെയായിരുന്നു ആദ്യത്തെ സാധാരണ മഴ പിന്നീട് കനത്ത മഴയായ് മാറി ആ കനത്ത മഴ വെള്ളപ്പൊക്കത്തിന് കാരണമായി മനുഷ്യരുടെ പ്രകൃതിയോടുള്ള

ക്രൂരതമായ പ്രവൃത്തികളാണ് ഇതിനൊക്കെ കാരണമായത്. വെള്ളം ഒഴുകിപോകാനുള്ള സ്ഥലങ്ങൾ തടഞ്ഞ് വെള്ളത്തിന് ഒഴുകാൻ പ്രയാസമായി അതുകൊണ്ട് വെള്ളം തങ്ങിനിന്നു. അങ്ങനെ വെള്ളപ്പൊക്കമുണ്ടായി. നമ്മുക്ക് വേണ്ടപ്പെട്ട മനുഷ്യരും

മരിച്ചുപോയി. ഇത്രയൊക്കെ സംഭവിച്ചിട്ടും ജീവൻ തിരിച്ചുകിട്ടിയല്ലോ, അതുതന്നെ ഒരു ഭാഗ്യമാണ്. നമ്മൾ മനുഷ്യർ തന്നെ പ്രകൃതിയെ നശിപ്പിച്ചു. അതിന് കിട്ടിയ തിരിച്ചടിയായാണ് പ്രളയം ഇനിയും കുറെ ദുരന്തങ്ങൾ നമ്മൾ അനുഭവിക്കാനുണ്ടാവും . പ്രളയം കൊണ്ട് വീടുകൾ മാത്രമല്ല നശിച്ചിരിക്കുന്ന പല ആൾക്കാർക്കും രോഗങ്ങളെല്ലാം ഉണ്ടായിട്ടുണ്ട് . വീടുകളിൽ പാമ്പുകളും പോലെയുള്ള  ജീവികളെല്ലാം കയറിയിട്ടുണ്ടായിരുന്നു. വീടു വൃത്തിയാക്കുകയും വേണം.വീടിനുള്ളി ചളികളെകൊണ്ട് നിറഞ്ഞിരിക്കുന്നു. ആ ഒരൊറ്റ പ്രളയം കൊണ്ട് നമ്മൾ കുറെ ദുരന്തങ്ങൾ അനുഭവിച്ചിരുന്ന.

അനന്തശ്രീ

10 B

# അതിഥി

മാനത്തെ മഴക്കാറിൻ
മാനസവുമായെത്തി
മണ്ണിൽ മരുപച്ച
മുളപ്പിച്ചൊരു മഴ
പുഴയും പറമ്പത്തും
തോട്ടുംതടാകവും
ഒന്നിച്ചായാഹ്ലാദിക്കും
ആഘോഷത്തിൻ മഴ
മഴയത്തതാ വിതുമ്പുന്നു
പ്രകൃതികൻ പുഞ്ചിരിക്കായ്
അമിതമായ് വിതുമ്പുന്നു
മനുഷ്യർ തൻ ക്രൂരതയിൽ
മാനത്തെ മഴക്കാറൻ
മരണ സന്ദേശവുമായ് വന്നു
കാലമാടനായ് മഴ
അതിഥിയായ് വന്നു
പ്രളയമെന്നൊരു
നാമധാമിയായ്

ഫാത്തിമ എസ് എം 10 E

# അവൾ

തൻെറ ജീവിത ചക്രം
തിരിക്കാൻ വിധിക്കപ്പെട്ടവൾ
നീറുന്ന ദുഃഖസാഗരങ്ങൾ
അടക്കാൻ പാടുപെടുന്നവൾ

ആനന്ദത്തിൻ ആഴങ്ങൾ
കണ്ടെത്താൻ ശ്രമിക്കുന്നവൾ
ആർക്കും ഭാരമാകാൻ ആഗ്രഹിക്കാത്തവൾ
എത്ര സത്യത്തിൻ പാതയിൽ ചരിച്ചാലും
ചിലർ തൻ കാപട്യമാം മുഖമൂടിയിൽ വേദനിക്കുന്നവൾ

ഇനി വരട്ടെ ഉയർത്തെഴുന്നേൽപ്പിൻ കാലം
വലിച്ചെറിയട്ടെ കാപട്യത്തിൻ മുഖം മൂടികൾ
ഉണരട്ടെ ധർമ്മസത്യത്തിൻ പാതകൾ
ഉയരട്ടെ അവൾ തൻ സഞ്ചാരപഥങ്ങൾ

വീണ.ഇ.കെ
എച്ച്. എസ്. എ മലയാളം

# ഏകാകിനി

ക്രൂരിരുട്ടാകുമെന്നേകാന്തതയിലെ
തടവറയാണെന്റെ തോഴി
കണ്ണീരൊടുങ്ങാതെൻ മിഴികോണിലെ
ദുഃഖമെൻ കൂടപ്പിറപ്പ്
ലക്ഷ്യമില്ലാഞ്ഞൊരെൻ ജീവിതയാത്രയിൽ
വറ്റിണ്ട നദിയെപോലെ ഞാൻ
കളിവാക്കലോപിച്ച അന്തരംഗങ്ങളിൽ
നീ രാഗതാളമായി വന്നൊരുനാൾ
വിധിയുടെ തണുത്ത കരങ്ങളാലെന്റെ
മനമാകെ മരവിച്ചിരുന്നു
ഇന്നുമെൻ ഉത്തരം കിട്ടാ-
തലയുന്ന ചോദ്യങ്ങളേറയും ശൂന്യം
എണ്ണമറ്റാത്തൊരളവുകോലില്ലാത്ത
സ്നേഹമാണെൻ ഹൃദയം
എൻ ദുഃഖങ്ങൾക്കറുതി വരുത്താനായി
അനുരാഗമായ് വന്നെത്തിയതൊരു നാൾ
എൻ മോഹം വൃഥാമൂകശൂന്യം
എൻ അന്തരാത്മാവിൻ നിന്നുയരുമീ
ശോകാർദ്രമാമശ്രുബിന്ദുക്കൾ.

-സരിൻ സുധീർ
9th A

e-magazine Kadachira High School

# എൻ അക്ഷരത്താഴ്

അറിവിൻെറ ഗോപുര ദീപം തെളിയിച്ച
ചൈതന്യ മണ്ഡപം എൻെറ വിദ്യാലയം
ആദ്യാക്ഷരത്തിൻെറ നാമ്പുകുറിച്ചുകൊണ്ടെന്നെ -
വളർത്തിയ ദേവാലയം

പൊൻ കതിർവിത്തുകൾ പാകിമുളപ്പിച്ച
നെൽവയൽ തോട്ടമാണെൻെറ വിദ്യാലയം
ചുറ്റിലും വർണ്ണത്താൽ സുന്ദരമാക്കിയ
വിദ്യതൻ സ്വർഗമാണെൻെറ വിദ്യാലയം

പൂക്കളിലെത്തുന്ന വണ്ടുകളെപ്പോലെ
ഞാനും പറന്നെത്തി വിദ്യാലയത്തിൽ
ഗുരുനാഥർ ചൊരിയുന്ന വിദ്യയാം ദീപത്തെ
എന്നും മനസ്സിൽ കുടിയിരുത്തി

ആ നിമിഷമെൻ സുവർണ്ണ നിമിഷമായ്
കാത്തിടുന്നെൻ പൂ ചെപ്പുകളിൽ
അക്ഷരത്തിൻെറ പൂമൊട്ടുവിടർത്തയ
വിദ്യാലയം എൻ ദേവാലയം

ദേവപ്രിയ.കെ
9E

e-magazine Kadachira High School

# ബീച്ച്

മുഴപ്പിലങ്ങാട് ബീച്ചിൽ ഒരു സായാഹ്നം ..........
അതെന്റെ സ്വപ്നമായിരുന്നു. കടൽ കാണാൻ ഒരുപാടിഷ്ടമാണെനിക്ക് ബസ്സിലിരിന്നും കാറിലിരുന്നുമെല്ലാം മണൽപ്പിരപ്പിലിരുന്നും നടന്നുകൊണ്ടുമാണ് കടൽ കാണേണ്ടത് എന്നെനിക്ക് തോന്നി ഞങ്ങൾ ബീച്ചിലെത്തുമ്പോൾ ആളൊഴിഞ്ഞുതുടങ്ങിയിരുന്നു മണൽ പ്പിരപ്പിലിൽ ശേഷിച്ചനിരവധി കാൽപാടുകൾ വ്യക്തവും അവ്യക്തവും ആ കാൽപാടുകൾ ജീവിതത്തിന്റെ ആഴങ്ങളിലേക്ക് നടന്നു നടന്ന് മാഞ്ഞുപോയത് പോലെ....
കടലിനെ തൊട്ടും തൊടാതയും ഞാൻ നടന്നു പടിഞ്ഞാറോട്ട് നടക്കുന്തോറും
അസ്തമയ സൂര്യൻ എന്നിൽ നിന്നും അകന്നകന്നു പോകുന്നതുപോലെ തോന്നി
അതോ, അടുത്തടുത്ത് വരികയാണ് ഞാൻ മണൽപ്പിരപ്പിലിരുന്നു സൂര്യൻ പൂർണമായും അസ്തമിക്കുകയാണ് ഞാൻ മറിച്ചും ചിന്തിച്ചു സൂര്യൻ അസ്തമിക്കുകയാണൊ? അതോ എന്റെ മുമ്പിൽ തല താഴ്ത്തുകയാണോ? സൂര്യൻ യാചനഭാവത്തിൽ ഇരുട്ടായി പ്രകൃതിയെ നശിപിച്ചു കൊണ്ടിരിക്കുന്ന ക്രൂരർ ആയ മനുഷ്യരുടെ മുമ്പിൽ?
അരുത് അരുത് എന്ന യാചനഭാവത്തിൽ സൂര്യൻ തല താഴ്ത്തി പിൻ വാങ്ങി എനിക്കുചുറ്റും ഇരട്ടുപരന്നു

BHAVANA
X - A

e-magazine Kadachira High School

# എന്റെ സുഹൃത്ത്

അവൻ ഇല്ലാതെ  ഞാൻ ഇല്ല
അവൻ എന്റെ സുഹൃത്ത്
ഒരുമരത്തണലിൽ ഒന്നിച്ചിരിക്കും
കഥകൾ പറയും പാട്ടുകൾ പാടും
അവൻ എന്റെ സുഹൃത്ത്

നിന്റെ പുസ്തകത്താഴിൽ  ഞാൻ
മറഞ്ഞിരിപ്പുണ്ട് മിഴിനീർ നനയാതെ
മറ്റാരുമില്ലിനി എന്റെ സ്നേഹത്തിന്
പകരം നൽകുവാൻ എൻ നൻമ്പാ

നിന്നെ കാണാതെ വയ്യെനി
ഒരു ദിനം പോലും മിത്രമേ
കണ്ടാൽ മതിയല്ല മിത്രമേ
കാണാൻ കൊതിക്കുന്നു എന്നും
നിൻ സ്നേഹം എൻ ഉള്ളിൽ മാത്രമേ

ശ്രീദീപ്.കെ ആർ
9E



e-magazine Kadachira High School

# ഹേ!മനുഷ്യാ

ഹേ മനുഷ്യാ, എന്തേ നിങ്ങളിങ്ങനെ?
എന്തുകൊണ്ടെന്തുകൊണ്ടേവരും ക്രൂരരായ്
കടുകട്ടി മനസ്സിൻ ഉടമയായോ
ക്രൂരരായ് .......യെന്തേനിങ്ങളിങ്ങനെ

കരയും ഹൃദയത്തെ കാറ്റായ് തലോടുവാൻ
കടലെടുക്കും വഞ്ചിയെ കരയോടടുപ്പിക്കാൻ
എന്തേ മുതിരാതതെന്തേ...?
ഹേ! മനുഷ്യാ എന്തേ നിങ്ങളിങ്ങനെ

നടനമാണോ ഈ കാഴ്ചയില്ലായ്മയും
ഉണ്ടെങ്കിലും ഇതു കാണാതെ പോവുകയാണോ
കണ്ണാണ് കാഴ്ചകളാണ് കാണേണ്ടതാണ്
കൈപിടിച്ചുയർത്തേണ്ടതാണു ജീവിതം...

കണ്ണുപൊത്തികളിക്കാൻ കളിയല്ല
സത്യമായ പച്ചയായ ജീവിതമിതല്ലയോ...
കൈപിടിച്ചുയർത്തുവിൻ
കാൽതെറ്റി വീണൊരു തേങ്ങുന്ന ജീവനെ

ദേവപ്രിയ.കെ
൯ E

# Journey of life

*I love those moment*
*full of laughter*
*which made me cry sometimes*
*when you were with me*
*during happiness and grief*
*sunrise and sunset*
*warmth and cold*
*you pull me up when I was upset*
*you held my hands*
*when I was alone,*
*you stood by me*
*when everybody left*
*you were the best*
*I could ever get*
*you could make my heart -*
*skip a beat*
*you were the joy*
*I'll ever get*
*we were happy together*
*caressing each other*
*you had never let me down*
*until you left me*
*you left me heart broken,*
*sad and hopeless*
*like olden times*
*but I never cried*
*as I remembered your advice*
*"Accept it as part of life's journey."*

SHASEEB U
9th C



e-magazine Kadachira High School

# THE SMALL FARMER

There was a child who lived in a small village. His name was Appu. He liked to farm. But his parents always told him to study. He was good in study and he was first in the class. But he liked to farm more than study. But his parents does not allow him to farm.

One day he started farming without seeing his parents. Everyday he worked hard and hard. But one day his father saw him farming. He became angry and shouted at him. He beat Appu and Appu started crying. Father beat him once more and he became silent.

After that day Appu couldn't focus on his study. His exam results were too bad. Everyday his father scolded him. His mother saw him that at the study time he draw pictures of farming and the crops. Mother under stood his feeling and told father everything. Hearing this father became very sad. He started crying. He ran to Appu and hugged him. Then father told:"I am sorry son, I didn't understand your feelings. Now you could go and farm." Appu became very happy.

After when he started farming he started focusing on study. The next exam result became excellent.

Goutham Santhosh

X E

# കാത്തുനിൽപ്പൂ

ഭാനുമതി നിൻ്റ ആ ചുണ്ടിലെ
കുഞ്ഞു മന്ദസ്മിതത്തിൽ ഞാനലിയുന്നിതാ
രാവിൻ നിലാവിൻ്റ പൊൻപ്രഭയിലായിന്ന്
നിനക്കായ് കാത്തുനിൽപ്പൂ ഞാൻ പ്രിയേ

വാനിലെ താരങ്ങൾ  നിന്നെ നോക്കി
അസൂയയാൽ നിൽക്കുവതു ഞാൻ കണ്ടു
ഇനി വീഥിയിൽ നിൻ്റ കാലൊച്ചയ്ക്കായ്
മദനനാം ഞാൻ കാത്തുനിന്നു

അഹല്യ.സി
10E

# കാലം മായിച്ച കാഴ്ചകൾ

കുഞ്ഞു മനസ്സു പിടയുന്നു
കാഴ്ചയിലലിയാത കണ്ണു പിടയുന്നു
കാഴചകൾ കാണാൻ കൊതിക്കുന്ന കണ്ണിൻ്റ
കാഴ്ചകലൊക്കെയും കെട്ടി മാറ്റിടുന്നു

പൂക്കളേം പുല്ലിനേം കാഴ്ചകളാക്കിന്ന
കുഞ്ഞുകൺ കാഴ്ചകൾ കെട്ടി മാറ്റീടുന്നു
മണ്ണിൽ തളിർക്കുന്ന പുതുജന്മമേ നിന്ന
പിഴുതെടുത്തും പോയ ജന്മമിന്നാരുടെ

വൻകെട്ടിടത്തിൻ്റ മേൽക്കൂരയ്ക്കുള്ളിലെ
കുഞ്ഞു ഭിത്തിക്കുള്ളൽ തളിർക്കുന്ന ജീവനേ
നിൻ കാഴ്ചകളൊക്കെയും കെട്ടിമാറ്റീടുന്ന
ഹീനമാം കൈകളിന്നാരുടേതാണിത്

കുമ്പിനിൽക്കുന്നൊരാ കുഞ്ഞുചെടിയുടെ
താളുകൾ നന്നായ് വിടർന്നു വരുന്നിതാ
ആ കുഞ്ഞു തൈയ്യെ പറിച്ചുമാറ്റീടുന്നു
ബാലപാഠങ്ങൾ ഉരുവിടാനായിതാ

ആ കുഞ്ഞു പിടയുന്നു മുറുകുന്നു
അമ്മയാം പാഠത്തെ കണ്ടു രസിക്കുവാൻ
കാഴ്ചയിലലിയാത കണ്ണുപിടയുന്നു
കാഴ്ചകളില്ലാതെ അന്തരായ് ജീവിതം
കാലം കവർന്നൊരാ ബാല്യവും പിന്നിട്ടു
ആ തണൽ തൈയ്യൊരു തണലായ വളർന്നിതാ

കാഴില്ലാതെയാ കണ്ണു പിടയുന്നു
കാഴ്ചയില്ലാതതായ് ജീവിതം മാറുന്നു
അന്ധരായ തീരുന്നു പുതുജീവനും പിന്നെ
അന്ധരായ് തീരുമീ മാനവ ലോകവും.

ദേവപ്രിയ.കെ
൫ E

e-magazine Kadachira High School

# TARUN AND VARUN

Once upon a time there lived two brothers. Their name were Tarun and Varun. Varun was a good boy. He always helped his parents. But Tarun was a naughty boy who always tried to make Varun unhappy.

One day their father brought them bicycles. The bicycles were same. Then Tarun started trying to broke Varun's bicycle. One morning when both were playing Tarun silently went inside. Varun saw Tarun going inside. He knew that Tarun was trying to broke his cycle. He exchanged their bicycles. Then he hide behind a bush and watched what was going to happen.

After sometime he saw Tarun coming outside. There was a pin and a scissor in his hand.

He went near to cycle. He hit the tyres with the pin and cut the brake wires with the scissor.

Then he went near to Tarun and said:"I am very very sorry Varun, when I was coming outside I saw that your cycle was broken.

“No problem. Because, that is not my cycle, it is yours.” Varun said.

Tarun started crying. “Don't cry Tarun, I will tell father to repair it.” said Varun. After it Tarun became a good boy.

Goutham Santhosh
X E

e-magazine Kadachira High School

e-magazine Kadachira High School

# മഴ

മഴയുണരുന്ന മാനത്ത്
മഴ പെയ്യുന്ന താഴത്ത്
പ്രകൃതി നനഞ്ഞു രസിക്കുന്നു
കുട്ടികൾ വഞ്ചിയുരുട്ടുന്നു,
ചളിയിലോടി രസിക്കുന്നു
നൂൽമഴ പെരുമഴസുന്ദരമാമൊരു-
പ്രകൃതി തൻ അലങ്കാരം
ഈ കുളിർമഴ.
ഇലയുടെ മുകളിൽ
മുത്തുപോൽ മിന്നുമീ
സുന്ദര മഴയുടെ
കണികകളെല്ലാം
ആനന്ദംപുതുസന്തോഷം
എല്ലാം തരുമീ
കുളിർ മഴകൾ
പ്രകൃതി തൻ അനുഗ്രഹമാമി
മഴ.

-ഗോപിക
9thF

# ഞാനൊരു കൊലയാളി
# ആവുകയാണോ

ശൂന്യമായ തീർന്നുവോ
പച്ചപ്പുവിരിഞ്ഞ
പ്രകൃതി തൻ മടിത്തട്ടിൽ
ഞാൻ നടന്നു

പെട്ടെന്നതാ അകലെയെങ്ങോ
ചുവപ്പ് പരക്കുന്നു
ചെമ്പരത്തി പുഞ്ചിരി തൂകുന്നു
ഓടിയെത്തുന്നു ഞാൻ

അതിൻ ഭംഗിയിൽമയങ്ങി ഞാൻ
ആക്രാന്ത ഭാവേന
പറിക്കാൻ പോവുമ്പോഴാണ്
ഉള്ളിലെവിടെയോ വേദനയുദിച്ചത്
ഞാനൊരു കൊലയാളി ആവുകയാണോ

ഫാത്തിമ എസ് എം
10 E

e-magazine Kadachira High School

# ഓർമ്മകൾ

മിഴികളോ മൗനമായി പെയ്തിറങ്ങി
മൊഴിക്കാത്തുനിൽക്കാത്ത എൻ ഓർമ്മകൾ
അരുതെന്നു പറയാൻ പോലുമേ
ഇന്നൊരോർമ്മകൾ മാത്രമെൻ ബാല്യകാലം

മധുരിക്കും ഓർമ്മതൻ ബാഷ്പമാകാം
എൻ ഹൃദയത്തിൻ കോണിലായ് ബാക്കിനിൽപ്പൂ
വിറയാർന്നിട്ടുന്നെൻെറ ബാല്യം
ഇന്നതിൽ എന്നോർമ്മകൾ എൻ സ്വപ്നങ്ങളും

ശിലപോലെയിന്നും ഉറച്ചുനിൽപ്പൂ
നഷ്ടസ്വപ്നമായ് കടന്നുവരുമിനി
നിദ്രയില്ലാത്തൊരീ രാത്രികളിൽ.

പറയാൻ ഒരുപിടി വാക്കുകൾ ഉണ്ടെങ്കിലും
എൻ ചാരത്തു ഓർമ്മകൾ വന്നിടുമ്പോൾ
കഴിയില്ല ഇന്നെനി ഓർമ്മകൾ മാത്രം
പൊട്ടിത്തെറിഞ്ഞൊരാ കനവുകളിൽ.

സയന.ടി.കെ
9E

e-magazine Kadachira High School

# ഓർമ്മകൾ ചിലമ്പിട്ടനാളിൽ

ഓർമ്മകൾ മറക്കുന്ന നാളിൽ ഞാൻ
ഓർത്തെടുക്കുന്നെൻ്റ ബാല്യം
ഓർമ്മകൾ ചിലമ്പിട്ട നാളിൽ
ഞാൻ ഓടിക്കളിക്കുന്നനേരം

പൂങ്കാറ്റു വീശും നാളുകൾ
മാമ്പൂവുണ്ണും നിമിഷങ്ങളിൽ
അക്ഷരം മൊട്ടിട്ട നാളുതേടി ഞാൻ
പാറിപ്പറക്കുന്ന ബാല്യ കാലം

മണ്ണപ്പം ചുട്ടു കളിക്കുന്ന കാലം
ഞാനിന്നുമോർക്കുന്നെൻ ബാല്യ കാലം
ഓലത്തുമ്പത്തു ചാടിക്കളിക്കും
ഓമന നേരം എൻ്റ ബാല്യം

ഇന്നെല്ലാം മാറി മറിഞ്ഞെങ്കിലും
എൻ ഓർമ്മകൾ എന്നിൽ അലിഞ്ഞിടുന്നു
ഇന്നു ഞാൻ മരണത്തിൻ തുമ്പിലായി
നാളെ ഞാൻ മണ്ണിലലിഞ്ഞു പോകും
എങ്കിലുമെൻ്റ ബാല്യകാലം ഞാൻ
മണ്ണിന്നടിയിൽ ഒളിച്ചുവെക്കും

ദേവപ്രിയ.കെ
൯ E

e-magazine Kadachira High School

# തിരിച്ചറിവ്

ഒരു ദിവസം ഞാനും എന്റെ അനിയത്തിയും വീട്ടുമുറ്റത്ത് കളിച്ചുകൊണ്ടിരിക്കുകയായിരുന്നു.സന്ധ്യയായി അകത്തേക്കുകേറി വാ ഗേറ്റിനുപുറത്തേക്ക് പോകരുത്, നാട്ടിൽ നിറയെ പിള്ളേരുപിടുത്തക്കാരുള്ളതാ,അമ്മ അങ്ങനെ പലതും അടുക്കളയിൽ നിന്ന് വിളിച്ചു പറയുന്നുണ്ടായിരുന്നു.അപ്പോഴാണ് ഞാനാക്കാര്യം ശ്രദ്ധിച്ചത് കുറേ കാക്കകൾ കരഞ്ഞുകൊണ്ട് വട്ടംചുറ്റി പറക്കുന്നു. അനയത്തിയെ ഗേറ്റിനുള്ളിൽ നിർത്തി ഞാൻ പതുക്കെ പുറത്തു കടന്നു,നോക്കുമ്പോഴതാ ഒരു നായക്കുട്ടി റോഡരികിൽ അതിന്റെ മുഖം ഒരു പ്ലാസ്റ്റിക് കുപ്പിയിൽ കുടുങ്ങി പോയിരിക്കുന്നു.അത് വല്ലാതെ പേടിച്ച് അങ്ങോട്ടുമിങ്ങോട്ടും ഓടുന്നുണ്ട്. അതു കണ്ടപ്പോൾ എനിക്ക് ചിരിവന്നു.അൽപ്പം കഴിഞ്ഞപ്പോൾ നായക്കുട്ടി ഏതോ വീട്ടുവളപ്പിലേക്ക് ഓടിക്കയറി ഒപ്പം കാക്കക്കൂട്ടവും.

നേരം രാത്രിയായി ,എല്ലാ ദിവസവും രാത്രി ഭക്ഷണം കഴിഞ്ഞാൽ ഞങ്ങളെല്ലാവരും ഒന്നിച്ചിരുന്ന് വിശേഷങ്ങൾ പറയുന്ന പതിവുണ്ട്.അന്ന് രാത്രി ഞാൻ നായക്കുട്ടിയുടെ കാര്യം അച്ഛനോടും അമ്മയോടും പറഞ്ഞു. അവരുടെ സംസാരത്തിൽ നിന്നാണ് അതിന്റെ കാര്യഗൗരവം എനിക്ക് മനസ്സിലായത്.പ്ലാസ്റ്റിക്ക് അലക്ഷ്യമായി വലിച്ചെറിയുന്നതിന്റെ ദൂഷ്യഫലങ്ങൾ അവർ പറഞ്ഞുതന്നു.കൂടെ ആ നായയുടെ കഷ്ടസ്ഥിതിയും അന്ന് രാത്രി എനിക്ക് ഉറങ്ങാനേ പറ്റിയില്ല.നായക്കുട്ടിക്ക് വിശക്കുന്നുണ്ടാകില്ലേ, അതിന് ഭക്ഷണം കഴിക്കാൻ കഴിയില്ലല്ലോ,ശ്വാസം മുട്ടുന്നുണ്ടാകുന്നില്ലേ,നായക്കുട്ടി മരിച്ചു പോകുമോ, ഇതോക്കെയായിരുന്നു എന്റെ ചിന്ത.

പിറ്റേന്ന് രാവിലെ ഞാനെഴുന്നേറ്റ് നായക്കുട്ടിയെ തിരഞ്ഞെങ്കിലും കണ്ടെത്താൻ കഴിഞ്ഞില്ല.രണ്ട് ദിവസം കഴിഞ്ഞപ്പോൾ നായക്കുട്ടിയെ വീണ്ടും കണ്ടു.റോഡരികിൽ നായക്കുട്ടി തളർന്നിരിക്കുന്നുണ്ടായിരുരന്നു. ആരൊക്കെയോ നായയുടെ മുഖത്തെ കുപ്പി അഴിക്കാൻ ശ്രമിച്ചെങ്കിലും നായകുതറി മാറിയതിനാൽ അഴിച്ചെടുക്കാൻ കഴിഞ്ഞില്ല.നായക്കുട്ടിയുടെ അവസ്ഥ എന്നെ വല്ലാതെ വിഷമിപ്പിച്ചു.ആരും കാണാതെ ഞാൻ കരഞ്ഞു.

പിറ്റേന്ന് രാവിലെ നോക്കുമ്പോൾ നായ തീരെ അവശനായി കാണപ്പെട്ടു.നാട്ടുക്കാർ അടുത്തേക്കു വരുമ്പോൾ അതിന് അനങ്ങാൻ പോലും വയ്യാതായി.നല്ലവരായ ചേട്ടന്മാർ അതിനെ പിടിച്ച് മുഖത്തെകുപ്പി എടുത്തു മാറ്റി. അതിനു ശേഷം നായക്കുട്ടിയെ അടുത്തുള്ള ഷെഡ്ഡിലേക്ക് മാറ്റി. അതിന് വെള്ളവും ഭക്ഷണവും നൽകി. നായക്കുട്ടി ആർത്തിയോടെ കഴിച്ചുതുടങ്ങി. എനിക്ക് സന്തോഷമായി. രണ്ട് ദിവസത്തിനുള്ളിൽ നായക്കുട്ടി ഉശാറായി . അത് വേഗത്തിൽ ഓടാനും മറ്റ് നായകളോട് ചേർന്ന് കളിക്കാനും തുടങ്ങി.

e-magazine Kadachira High School

ഈ സംഭവം എന്നെ പ്ലാസ്റ്റക്ക് അലക്ഷ്യമായി വലിച്ചെറിയുന്നതിന്റെ ദൂഷ്യഫലങ്ങളെക്കുറിച്ച് മനസിലാക്കിത്തരാൻ സഹായിച്ചു. അതിനുശേഷം ഞാനൊരു മിഠായിക്കടലാസുപോലും തോന്നിയപോലെ വലിച്ചെറിഞ്ഞിട്ടില്ല. എന്റെ ഈ കൊച്ചു കഥയിലൂടെ എനിക്ക് പറയാൻ ഉള്ളത് എന്നെ പോലെ എന്റെ കൂട്ടുകാരും പ്ലാസ്റ്റിക്ക് ശ്രദ്ധയോടെ മാത്രം കൈകാര്യം ചെയ്യണം എന്നാണ്. നമ്മുടെ അശ്രദ്ധ മറ്റു പല അപകടങ്ങൾക്കും നമ്മളറിയാതെ കാരണമാകുന്നുമെന്നും അറിയുക.

ഇന്ദിവർ എസ് വിനു

7 B

# ഒരു യാത്രികൻ

നറു നിലാവുപോൽ
പുഞ്ചിരി പൊഴിച്ചെന്റെ
യരികിലാരോ വന്നിരുന്നു.
ഊന്നുവടി ദൂരവെച്ചെന്റെ -
കൈയിലെ പുസ്തകം മെല്ലെ -
തുറന്നു.
എന്റെ സത്യാന്വേഷണ -
പരീക്ഷണങ്ങളിൽ നോക്കി -
വേദനയോടെനോട് ചൊല്ലി -
യിതല്ല ഞാൻ കണ്ട സ്വപ്നം -
വഴിയേനെ നടന്നു തളർന്നു.....
കണ്ട കാഴ്ചകൾ മുൾമുന
പോലെയെന്റെയുള്ളിൽ
ചോരതുള്ളികൾ പടർത്തുന്നു.
എന്റെ സ്വപ്ന നാടെവിടെ
ഞാൻ കണ്ടയെന്റെ നാടെവിടെ
ഒരുമ യെവിടെ മതേതരത്വമെവിടെ
സത്യവുമഹിംസയുമെവിടെ
മറുകവിളടിവാങ്ങി
ജയിലിലുറങ്ങി.
നാട്ടുനീളെ നിയമലംഘനങ്ങൾനടത്തി
യെന്തിനായ വെടിയുണ്ട യേറ്റുവാങ്ങി.....
ഹേ മഹാത്മാവേ.....
കരയരുതെങ്ങ്ന്.......
ഞങ്ങൾ പടുത്തുയർത്താം..
അങ്ങ് കണ്ട സ്വപ്നങ്ങൾ.....

അദ്വൈത് . എസ് . പവിത്രൻ
9 F

e-magazine Kadachira High School

# തിരികെ പോകുമോ

ആളുകളൊഴിയുന്ന
നോവുകളിലിയാതെ
നീറുന്ന നെഞ്ചകവുമായ്
നോക്കുന്നു ഞാൻ വെറുതെ,
തെക്കേ പറമ്പിലായ്
അഗ്നിനാളങ്ങൾ വിഴുങ്ങുന്നു
എന്റെ ലോകം എരിഞ്ഞടങ്ങുന്നു.
വെറുതെയെങ്കിലും ഞാൻ
കൊതിക്കുന്നു
കാലമേ നീ പോകുമോ തിരികെ
എൻ നോവുകൾ മായുവാൻ
എന്നമ്മയോടൊത്തുള്ള നാളിലേക്കായ്

-അഹല്യ.സി
10th E

# യുദ്ധം ലോക ദുരന്തം

എവിടെന്നിന്നോ പ്രതിധ്വനിക്കുന്നു
ആരുടെയോ ദുരിത വേദന
എങ്ങോ നടത്തിയ യുദ്ധം
എന്നോ നടത്തിയ യുദ്ധം

ആ യുദ്ധതീക്ഷണത ഇന്നും
അനുഭവിക്കുന്നു ഒരു ജനത മുഴുവനും
ഇനിയും അനുഭവിക്കും
മറുതലമുറകളും.......

എന്തിനാണീ യുദ്ധം
എന്തിനു പോരടിക്കുന്നു നമ്മൾ
ഒരായിരം ജനതയെ ക്രൂരമായ കൊന്നൊടുക്കുവാനോ....

വീടുകൾ ഫാളാറ്റുകൾ ബിൽഡിങ്ങുകൾ
സർവവും ഒരുനിമിഷത്താൽ
എരിഞ്ഞു തീരുന്നിതാ....
കൈയ്യില്ല കാലില്ല മരിച്ചു വീഴുന്നു

യുദ്ധ ഭൂമിപോൽ ശൂന്യമായ് മാറുന്നു
നിലവിളിക്കുന്നു ഇറ്റു ജീവനുവേണ്ടി
തകർന്നു വീഴുന്നു ഒരായിരം
കുടുംബ ജീവിതങ്ങൾ

എവിടെ നിന്നോ പ്രതിധ്വനികേകുന്നു
ജീവനായ് കേഴുന്ന സ്വരങ്ങൾ

ദേവപ്രിയ.കെ
9E

e-magazine Kadachira High School